"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് II ആയ ശ്രീമതി ലീന എൻ.- ന് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ.) വകുപ്പ്**

**സ.ഉ.(സാധാ) നം.713/2019/ത.സ്വ.ഭ.വ**

തീയതി,തിരുവനന്തപുരം, 26/03/2019

പരാമർശം:- 1. ശ്രീമതി ലീന എൻ. സമർപ്പിച്ച 26.12.2015 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 04.09.2018 ലെ ഇ17/857/2016/സിഇ/എൽ.എസ്.ജി.ഡി. നം. കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.08.2018 ലെ എം.ആർ.3(എൽ.ഡിസ്.)/90489/2017/ആ.വ.ഡ. നം. കത്ത്.

**ഉത്തരവ്**

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് II ആയ ശ്രീമതി ലീന എൻ, ടിയാളുടെ പിതാവിന്റെ ചികിത്സയ്ക്ക്, പരിയാരം മെഡിക്കൽ കോളേജിൽ ചിലവായ `1,,30,989/- രൂപ(ഒരു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീമതി ലീന എൻ ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `89,497/- രൂപ(എൺപത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് II ആയ ശ്രീമതി ലീന എൻ - ന്റെ പിതാവിന്റെ ചികിത്സയ്ക്ക് പരിയാരം മെഡിക്കൽ കോളേജിൽ ചിലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ `71,598/- രൂപ (എഴുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക 2515-00-001-92-01 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V.P

**അണ്ടർ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി ലീന എൻ., ഓവർസിയർ ഗ്രേഡ് II (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ബില്ലുകൾ സഹിതം)

3. ബന്ധപ്പെട്ട സബ് ട്രഷറി ഓഫീസർക്ക് (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്.
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ